"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - പത്തനംതിട്ട മാരാമൺ എം.എം.എ. ഹയർ സെക്കൻഡറി സ്കൂളിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ അജിൻ ജോസഫിന്റെ നിയമനാംഗീകാരം - റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.4555/2026/GEDN തീയതി,തിരുവനന്തപുരം, 07-07-2026

---

പരാമർശം:-
1. ശ്രീ അജിൻ ജോസഫിന്റെ 02.07.2025 തീയതിയിലെ റിവിഷൻ ഹർജി.
2. തിരുവല്ല ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 11.10.2025, 02.11.2025 എന്നീ തീയതികളിലെ ഡിഇഒറ്റിവിഎൽ/1539/2025-ബി1 നമ്പർ റിപ്പോർട്ടുകൾ.
3. പത്തനംതിട്ട വിദ്യാഭ്യാസ ഉപഡയറക്ടറുടെ 14.10.2025 തീയതിയിലെ ഡിഡിഇപിറ്റിഎ/3057/2025-ബി3നമ്പർ റിപ്പോർട്ട്.
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 25.03.2026 തീയതിയിലെ ഡിജിഇ/20075/2025-ഇറ്റി3 നമ്പർ റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

പത്തനംതിട്ട മാരാമൺ എം.എം.എ. ഹയർ സെക്കൻഡറി സ്കൂളിലെ ചട്ടം 43 അവകാശിയായ ശ്രീ അജിൻ ജോസഫിന്റെ 01.06.2023 തീയതി മുതലുള്ള ഓഫീസ് അറ്റൻഡന്റ് സ്ഥാനക്കയറ്റ നിയമനം അംഗീകരിച്ച് നൽകണമെന്നാവശ്യപ്പെട്ട് മാനേജർ പരാമർശം (1) പ്രകാരം റിവിഷൻ ഹർജി സമർപ്പിച്ചിട്ടുണ്ട്.

2.പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു. മാരാമൺ മാർത്തോമ്മാ സ്കൂൾസ് കോർപ്പറേറ്റ് മാനേജർ എഫ്.ടി.എം ആയ ശ്രീ അജിൻ ജോസഫ് -നെ 01/06/2023 മുതൽ സ്ഥാനക്കയറ്റം നൽകി ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ 23000-50200 ശമ്പളസ്കെയിലിൽ മാരാമൺ എം.എം.എച്ച്.എസ്.-ൽ നിയമിച്ചു. ടി സ്കൂളിലെ ഓഫീസ് അറ്റൻഡന്റ്, ശ്രീമതി ഷേർളി സാമുവേൽ 31/05/2023-ൽ സേവനത്തിൽ നിന്ന് വിരമിച്ച ഒഴിവിലാണ് നിയമനം നടത്തിയത്. 2023- 2024 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം എം.എം.എച്ച്.എസ്. മാരാമൺ സ്കൂൾ മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത സ്കൂളാണ്. മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളിലെ പ്രധാനാധ്യാപക സ്ഥാനക്കയറ്റ നിയമനം ഒഴികെയുള്ള നിയമനങ്ങൾ 12/06/2018 തീയതിയിലെ സ.ഉ.(കൈ) നം.83/2018/പൊ.വി.വ. പ്രകാരം ദിവസവേതനത്തിൽ മാത്രം നടത്തേണ്ടതാണ്. ഇത്തരം സ്കൂളുകളിൽ ശമ്പളസ്കെയിലിൽ നിയമനം അനുവദനീയമല്ല എന്നതിനാൽ ടി നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു നൽകിയിരുന്നു. സ.ഉ.(കൈ) നം.83/2018/പൊ.വി.വ. തീയതി 12/06/2018 പ്രകാരം മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളിലെ ചട്ടം 51 ബി അവകാശികളുടെ ഉൾപ്പടെ നിയമനങ്ങൾ

ദിവസവേതനത്തിൽ മാത്രം നടത്തേണ്ടതാണ്. മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളിൽ ഉണ്ടാകുന്ന ഒഴിവുകളിൽ, KER അദ്ധ്യായം 14A ചട്ട പ്രകാരം 51A അവകാശികളുടെ പുനർനിയമനം നടത്തുന്നതിനും, സർക്കാർ ഉത്തരവ് നം.J3/80/2019/GEDN തീയതി 20/08/2019 പ്രകാരം ആയത് ശമ്പള സ്കെയിലിൽ അംഗീകരിക്കുന്നതിനും സർക്കാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ശ്രീ അജിൻ ജോസഫ് KER അധ്യായം 14A ചട്ടം 43 അവകാശിയാണ്. മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളിലെ പ്രധാനാധ്യാപക തസ്തികയിലേക്കുള്ള ഒഴികെയുള്ള ചട്ടം 43 അവകാശികളുടെ സ്ഥാനക്കയറ്റം അംഗീകരിക്കുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവുകൾ ഒന്നും പുറപ്പെടുവിച്ചിട്ടില്ല. മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത സ്കൂളുകളിലെ അനധ്യാപക നിയമനവുമായി ബന്ധപ്പെട്ട് സുപ്രീം കോടതി പുറപ്പെടുവിച്ചിട്ടുള്ള വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ചട്ടം 43 അവകാശി എന്ന നിലയിൽ ശ്രീ അജിൻ ജോസഫിന്റെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ നിയമനം അംഗീകരിച്ച് നൽകണമെന്നതായിരുന്നു റിവിഷൻ ഹർജിയിലെ ആവശ്യം. മാരാമൺ എം.എം.എ.എച്ച്.എസ്. സ്കൂളിൽ ശ്രീ അജിൻ ജോസഫിനെ സ്ഥാനക്കയറ്റം നൽകി നിയമിക്കുമ്പോൾ ടി സ്കൂളിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ശ്രീ ബിജുമോൻ എം.എം മുതൽ നിയമനാംഗീകാരത്തോടെ തുടർന്നു വന്നിരുന്നു. പ്രസ്തുത സാഹചര്യത്തിൽ ടി സ്കൂളിൽ ഒരു ഓഫീസ് അറ്റൻഡന്റ് സേവനത്തിൽ ഉള്ളതിനാൽ മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത സ്കൂളുകളിലെ അനധ്യാപക നിയമനാംഗീകാരം സംബന്ധിച്ച ഉത്തരവ് ശ്രീ അജിൻ ജോസഫിന്റെ നിയമനാംഗീകാരത്തിൽ ബാധകമാകുന്നില്ല. നിലവിൽ ശ്രീ അജിൻ ജോസഫിനെ ടിയാന്റെ മാതൃ കാറ്റഗറിയിലേക്ക് (എഫ്.ടി.എം) തിരികെ ലാവണം ക്രമീകരിച്ച് മാനേജർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടിയാന്റെ നിയമനാംഗീകാര പ്രൊപ്പോസൽ സമന്വയയിൽ നിന്ന് പിൻവലിക്കുന്നതിന് മാനേജർ അപേക്ഷ സമർപ്പിച്ചിട്ടുള്ളതായി ജില്ലാ വിദ്യാഭ്യാസ ഓഫീസർ അറിയിച്ചിട്ടുണ്ട് എന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3.സർക്കാർ ഈ വിഷയം ഹിയറിങ് വേളയിലെ വാദഗതികളുടെയും സമർപ്പിക്കപ്പെട്ട രേഖകളുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകളുടെയും നിലവിലുള്ള നിയമങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. പ്രസ്തുത സ്കൂളിൽ ഒരു ഓഫീസ് അറ്റൻഡന്റ് സേവനത്തിൽ ഉള്ളതിനാൽ മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത സ്കൂളുകളിലെ അനധ്യാപക നിയമനാംഗീകാരം സംബന്ധിച്ച വിധിന്യായം ശ്രീ അജിൻ ജോസഫിന്റെ നിയമനാംഗീകാരത്തിൽ ബാധകമാകുന്നില്ല. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ അജിൻ ജോസഫിന്റെ 01.06.2023 തീയതി മുതലുള്ള ഓഫീസ് അറ്റൻഡന്റ് സ്ഥാനക്കയറ്റ നിയമനം അംഗീകരിക്കണമെന്ന ആവശ്യം നിരസിച്ച് അപ്രകാരം മാനേജർ സമർപ്പിച്ചിരിക്കുന്ന റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അപ്സര ടി ടി
അണ്ടർ സെക്രട്ടറി

ശ്രീ അജിൻ ജോസഫ്, ഓഫീസ് അറ്റൻഡന്റ്, എം.എം.എ. എച്ച്.എസ്.എസ്., മാരാമൺ, പത്തനംതിട്ട.

മാനേജർ, എം.എം.എ. എച്ച്.എസ്.എസ്., മാരാമൺ, പത്തനംതിട്ട.

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ, പത്തനംതിട്ട.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, തിരുവല്ല.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (S2/101/2023-G.EDN)

ഉത്തരവിൻ പ്രകാരം

Signed by
Resmi Babu
സെക്ഷൻ ഓഫീസർ
Date: 08-07-2026 10:28:42

പകർപ്പ്: പൊതുവിദ്യാഭ്യാസ സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്.